# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.73/PR/PIC/PHQ/18 Date : 24.03.2018

---

**ക്രമസമാധാന പാലനത്തിൽ കേരളത്തിനുള്ള മേൽക്കൈ കൂടുതൽ മെച്ചപ്പെടുത്തണം**
**- മുഖ്യമന്ത്രി പിണറായി വിജയൻ**

ക്രമസമാധാന പാലനത്തിൽ കേരളത്തിനുള്ള മേൽക്കൈ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. സംസ്ഥാനത്തെ മുതിർന്ന പോലീസുദ്യോഗസ്ഥരുമായി നടത്തിയ വീഡിയോ കോൺഫറൻസിലാണ് മുഖ്യമന്ത്രി ഈ നിർദേശം നല്കിയത്.

ക്വട്ടേഷൻ ഗ്യാങ്ങുകളില്ലാത്ത കേരളം എന്നതാണ് ലക്ഷ്യം. അതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം. എല്ലാ പൊതുസ്ഥലങ്ങളിലും പോലീസിന്റെ സാന്നിധ്യം ദൃശ്യമാകത്തക്കതരത്തിൽ വിന്യാസം കൂടുതൽ ശക്തമാക്കണം. രാത്രികാല പട്രോളിങ് കൂടുതൽ ശക്തമാക്കണം. സാമൂഹ്യവിരുദ്ധരെയും ഗുണ്ടകളെയും നേരിടുന്നതിനുള്ള നടപടികൾ കൂടുതൽ ശക്തമാക്കണം. പൊതുമുതൽ നശീകരണം, വിധ്വംസക പ്രവർത്തനങ്ങൾ എന്നിവയ്ക്കെതിരെയുള്ള നടപടികളും കൂടുതൽ ശക്തമാക്കണം. സുരക്ഷയും സമാധാനവും ഉറപ്പാക്കുന്നതോടൊപ്പം പോലീസ് സ്റ്റേഷനുകൾ പൂർണ സേവന കേന്ദ്രങ്ങളായി മാറണമെന്നും അദ്ദേഹം നിർദേശിച്ചു.

പൊതുവേ ഈയടുത്തകാലത്തെ കേരള പോലീസിന്റെ പ്രവർത്തനത്തെപ്പറ്റി നല്ല അഭിപ്രായമുണ്ടായിട്ടുണ്ട്. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാനായിട്ടുണ്ട്. അതിൽ പോലീസ് അഭിനന്ദനം അർഹിക്കുന്നു. ജനമൈത്രി എന്നത് ഇപ്പോൾ എല്ലായിടത്തേക്കും വ്യാപിച്ചിട്ടുണ്ട്. അത് ശക്തമാക്കണം.

നിരവധി നല്ല കാര്യങ്ങൾ വിവിധ ജില്ലകളിൽ പോലീസ് ഉദ്യോഗസ്ഥർ ചെയ്യുന്നുണ്ട്. അത്തരം മാതൃകാ പ്രവർത്തനങ്ങൾക്ക് ഉചിതമായ അംഗീകാരവും പ്രോത്സാഹനവും പാരതോഷികവും നല്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഓരോ ജില്ലയിലേയും മികച്ച പോലീസ് സ്റ്റേഷനെ തിരഞ്ഞെടുത്ത് അവയ്ക്ക് അംഗീകാരം നൽകും. സംസ്ഥാനത്തെ മികച്ച പോലീസ് സ്റ്റേഷന് ട്രോഫി നൽകുമെന്നും അദ്ദേഹം അറിയിച്ചു.

മയക്കുമരുന്നുകാർക്കെതിരെ ശക്തമായ പോരാട്ടമാകണം പോലീസിന്റെ പ്രവർത്തനം. മയക്കുമരുന്നുകളുടെ വ്യാപനം സംബന്ധിച്ച് ഏറ്റവും അടിത്തട്ടിൽ നിന്നുള്ള വിവരം ശേഖരിക്കുക, ബോധവൽക്കരണക്യാമ്പയിനുകൾ എന്നിവ നല്ല ഫലങ്ങളുണ്ടാക്കുന്നുണ്ട്. അവ തുടരണം. ഇതിനായി ഒരു പ്രത്യേക ഇന്റലിജൻസ് സംവിധാനം ആരംഭിക്കുന്നതിനും മുഖ്യമന്ത്രി നിർദേശം നല്കി,

സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവരുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകണം. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളും പരിസരങ്ങളും എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയതും ശുചിത്വപൂർണമായി സംരക്ഷിക്കുന്നതുമാകണം. എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കൃത്യമായി നടപടി എടുക്കുന്നതിന് സംസ്ഥാനത്തെ ഒരു പോലീസ് സ്റ്റേഷനിലും കാലതാമസം ഉണ്ടാകാൻ പാടില്ല. ജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുകയും മൂന്നാംമുറ, അഴിമതി എന്നിവ കുറയുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇക്കാര്യങ്ങളിൽ ഒറ്റപ്പെട്ട പരാതികൾ ചിലയിടങ്ങളിലുണ്ടാകുന്നുണ്ട്. അത്തരം സംഭവങ്ങളിൽ കർശന നടപടി കൈക്കൊള്ളും.

പൊതുവേ സംസ്ഥാനത്ത് സമാധാനാന്തരീക്ഷമാണ്. എന്നാൽ ക്രമസമാധാനം തകർക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകാം. അതിന്റെ ഭാഗമായി വർഗ്ഗീയ സംഘർഷങ്ങളും സാമുദായിക പ്രശ്നങ്ങളും ഉണ്ടാക്കാനുള്ള ശ്രമങ്ങളുണ്ട്. അത്തരം പ്രശ്നങ്ങൾ ഉള്ള സ്ഥലങ്ങളിൽ അവ സസൂക്ഷ്മം നിരീക്ഷിക്കുകയും അവ പരിഹരിക്കുന്നതിന് ശക്തവും ക്രിയാത്മകവുമായ നടപടികളെടുക്കുകയും വേണം. ബ്ലെയ്ഡ് മാഫിയയ്ക്കെതിരെയുള്ള നടപടികൾ സംസ്ഥാനത്താകെ കൂടുതൽ ശക്തമാക്കണം.

2017 ൽ റോഡ് അപകട നിരക്കുകൾ കുറയ്ക്കാൻ പോലീസിന് കഴിഞ്ഞത് നല്ലകാര്യമാണ്. ആ നേട്ടം നിലനിറുത്തണം. റോഡ് സുരക്ഷാനിർദ്ദേശങ്ങളും ക്യാമ്പയിനുകളും സമൂഹമധ്യത്തിലെത്തിച്ച് അപകട നിരക്കുകൾ ഇനിയും കുറയ്ക്കേണ്ടതാണ്. അപകടങ്ങൾ കുറയ്ക്കുന്നതിന് തന്ത്രപ്രധാന പോയിന്റുകളിൽ, അപകട സാധ്യത കൂടിയ സമയങ്ങളിൽ വിശേഷിച്ചും, പോലീസിന്റെ ദൃശ്യത വർധിപ്പിക്കണം. മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗത, ട്രാഫിക് സിഗ്നൽ ലംഘിക്കൽ തുടങ്ങിയവയ്ക്കെതിരെ കർശനമായ പരിശോധന ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തണം. പരിശോധന വേളകളിൽ പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് നിയമപരമായ കാര്യങ്ങളിൽ കാർക്കശ്യം പുലർത്തുകയും അതേസമയം പെരുമാറ്റത്തിൽ അങ്ങേയറ്റം മാന്യത ഉറപ്പാക്കുകയും വേണം.

സ്ത്രീസുരക്ഷ പ്രാധാന്യം നല്കി നടപ്പാക്കണം. പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, പഞ്ചായത്ത് തലങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ സന്ദർശിച്ച് പരാതി സ്വീകരിക്കൽ, സെൽഫ് ഡിഫൻസ് പദ്ധതി തുടങ്ങിയവ സ്ത്രീസുരക്ഷ മെച്ചപ്പെടുത്തിയിട്ടുണ്ട്. അവ കൂടുതൽ വ്യാപിപ്പിക്കണം. സംസ്ഥാനത്ത് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളുടെ എണ്ണം 60 ആക്കി വർധിപ്പിക്കണം. ബീറ്റ് പോലീസുകാർ പ്രദേശത്തെ ജനങ്ങളുമായി ആശയവിനിമയം നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടണം.

മുതിർന്ന പൗരന്മാരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കാൻ പോലീസ് പൂർണ്ണമായും സജ്ജരായിരിക്കണം. പ്രത്യേകിച്ച് ഒറ്റയ്ക്ക് താമസിക്കുന്നവരുടെ കാര്യത്തിൽ. നമ്മുടെ പോലീസ് സ്റ്റേഷനുകൾ സീനിയർ സിറ്റിസൺ ഫ്രണ്ട്ലി ആയിരിക്കണം.

ഉത്സവസ്ഥലങ്ങളിൽ സമഗ്രമായ പോലീസ് ബന്തവസ്സ് അവ സമാധാനപരമായി നടത്തുന്നതിന് ഏർപ്പാടാക്കണം. വെടിക്കെട്ടുണ്ടെങ്കിൽ അതിന് അനുമതി ഉണ്ടെന്നുറപ്പാക്കുകയും മേൽനോട്ടം വഹിക്കുകയും ആവശ്യമായ നിയന്ത്രണം ഉറപ്പാക്കുകയും വേണം.

പോലീസിന്റെ കഴിഞ്ഞ യോഗത്തിലെടുത്ത തീരുമാനങ്ങളുടെ പ്രവർത്തനപുരോഗതിയും മുഖ്യമന്ത്രി വിലയിരുത്തി. ആഭ്യന്തര സെക്രട്ടറി സുബ്രതോ ബിശ്വാസ്, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് രമൺ ശ്രീവാസ്തവ, എസ് സി ആർ ബി ഡയറക്ടർ എൻ ശങ്കർ റെഡ്ഡി, ക്രൈം ഡി ജി പി ബി എസ് മുഹമ്മദ് യാസിൻ, എഡിജിപിമാരായ സുദേഷ് കുമാർ, ഡോ ബി സന്ധ്യ, എസ് ആനന്ദകൃഷ്ണൻ, ടി കെ വിനോദ്കുമാർ, ഐ ജി ദിനേന്ദ്ര കശ്യപ് തുടങ്ങിയവർ പോലീസ് ആസ്ഥാനത്തും നോർത്ത് സോൺ ഡിജിപി രാജേഷ് ദിവാൻ, സൗത്ത് സോൺ എഡിജിപി അനിൽ കാന്ത്, റേഞ്ച് ഐജിമാരായ മനോജ് എബ്രഹാം, വിജയ് സാക്കറേ, എം.ആർ. അജിത് കുമാർ, മഹിപാൽ യാദവ്, ജില്ലാ പോലീസ് മേധാവിമാർ എന്നിവരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും വിവിധ ജില്ലകളിലുമായി പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ : പോലീസ് ആസ്ഥാനത്ത് നടന്ന വീഡിയോ കോൺഫറൻസിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു.

**********